शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**602**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-16

## മലയാളം

സ്റ്റാൻഡേർഡ് : VI | കേരള പാഠാവലി | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1. പ്രയോഗഭംഗി.**

"എമ്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കുമാത്രമല്ലാർക്കുമേ ചെന്നെടു-
ത്തുമ്മ വച്ചീടുവാൻ തോന്നുമല്ലോ!"

വള്ളത്തോൾ നാരായണമേനോന്റെ 'ഒരു ചിത്രം' എന്ന കവിതയിലെ ഈ വരികൾ നിങ്ങൾ പരിചയപ്പെട്ടതാണല്ലോ. ഇതിൽ

എ) മുഖം എന്ന അർത്ഥം കിട്ടുന്ന പദം ഏതാണ്?

ബി ആരുടെ മുഖം കണ്ടാലാണ് ആർക്കും ഉമ്മ വയ്ക്കാൻ തോന്നുന്നത്?

സി വരികളുടെ പ്രയോഗഭംഗി ഉൾച്ചേർത്ത് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2. വിശകലനക്കുറിപ്പ്.**

"ഓ! അതു കളിപ്പിച്ചതാ!" എന്ന് ഒരുത്തൻ പറഞ്ഞു. "പപ്പു കൊളത്തീ മുങ്ങിയാ കെണറ്റിലേ നീരത്തൊള്ളൂ-" അത് മറ്റൊരുവന്റെ അഭിപ്രായമാണ്.
മറ്റൊരുത്തൻ അവനോടെതിർത്തു. "പറഞ്ഞാ പറഞ്ഞ പോലെ ചെയ്യുന്നവനാണ്."
ആ വാദ പ്രതിവാദം പെൺകുട്ടിയുടെ ശ്രദ്ധയെ ആകർഷിച്ചു.

എ) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഈ സന്ദർഭത്തിലെ ചൊല്ലുമായി യോജിച്ചത്?

- കാക്ക കുളിച്ചാൽ കൊക്കാകുമോ?
- കുഴിയിൽ താണാൽ കുന്നിലേ പൊങ്ങു.
- താൻ കുഴിച്ച കുഴിയിൽ താൻ തന്നെ.
- നനഞ്ഞിടം കുഴിക്കരുത്.

ബി) ചൊല്ലിന്റെ അനുയോജ്യത വ്യക്തമാക്കുന്ന രീതിയിൽ വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 3. ദൃക്സാക്ഷി വിവരണം**

മുത്തും പവിഴം മരതകം മാണിക്യ-
മൊത്തു വിളങ്ങും മതിലുകളും
അച്ഛസ്ഫടിക പ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും

ഇന്ദ്രപ്രസ്ഥത്തിൽ മയൻ നിർമിച്ച വിസ്മയക്കാഴ്ചകൾ നിങ്ങൾ കണ്ടുവല്ലോ. പടയിൽ തോറ്റോടുന്നവരെക്കുറിച്ച് കുഞ്ചൻ നമ്പ്യാർ വർണിച്ചതു നോക്കൂ.

"ഉള്ളത്തിൽ ഭയമേറുക മൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾ തോറും ചെന്നതി-
നുള്ളിൽ പുക്കിതു പലജനമപ്പോൾ;
മണ്ണിൽ പലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു.
കണ്ണുമടച്ചു പുതച്ചു കിടന്നൊരു-
വണ്ണമുറക്കവുമങ്ങു തുടങ്ങി;
ഒരു ഭാഗത്തെത്തോലു പിളർന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ,
പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ"

എ) ഈ സംഭവം തത്സമയ സംപ്രേഷണം ചെയ്യുന്നതിനു വേണ്ടി ഒരു ദൃക്സാക്ഷി വിവരണം തയ്യാറാക്കുക.

ബി) മാതൃകപോലെ മാറ്റി എഴുതുക.

- ഉത്തുംഗഗോപുര ശൃംഗം - ഉത്തുംഗമായ ഗോപുരശൃംഗം

അച്ഛസ്ഫടികപ്രദേശം -

**പ്രവർത്തനം 4. അനുസ്മരണ പ്രസംഗം**

എം.എസ് ബാബുരാജ്
(1921–1978)
ഗായകൻ, സംഗീതസംവിധായകൻ
നാടകം, സിനിമ

പിതാവ്: ജാൻമുഹമ്മദ്
സാബിർ ബാബു
മാതാവ്: ഫാത്തിമ

കുഞ്ഞുമുഹമ്മദ് എന്ന
പോലീസുകാരനൊപ്പം
ദാരിദ്ര്യം നിറഞ്ഞ ബാല്യം

- അഞ്ജനക്കണ്ണെഴുതി...
- ഒരു പുഷ്പം മാത്രമെൻ...
- താമസമെന്തേ വരുവാൻ...
- സൂര്യകാന്തീ സൂര്യകാന്തീ...
- കദളിവാഴക്കയ്യിലിരുന്ന്...

എ) ബാബുരാജ് ചരമദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ ഒരുക്കിയ പ്രദർശനം നിങ്ങൾ കണ്ടുവല്ലോ. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ സർഗവേളയിൽ അവതരിപ്പിക്കാനായി ഒരു അനുസ്മരണ പ്രസംഗം തയ്യാറാക്കുക.

ബി) താഴെ കൊടുത്തവയിൽ നിന്ന് ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക.

- കൃതഞ്ജത
- കൃതജ്ഞത
- കൃതജ്ജത
- കൃതറ്റ്നത

**പ്രവർത്തനം 5. ആസ്വാദനക്കുറിപ്പ്**

പ്രകൃതിയുടെ സംഗീതം ഗന്ധർവ്വബാലന്റെ ഗാനമായി അനുഭവപ്പെടുന്ന ജി.കുമാരപ്പിള്ളയുടെ 'ജീവനുള്ള പാട്ട്' പരിചയപ്പെട്ടല്ലോ. പ്രകൃതി സംഗീതത്തെ ആവിഷ്കരിക്കുന്ന മറ്റൊരു കവിത വായിക്കൂ...

**കാടും കടലും**

കാടിന്റെ പാട്ടും കടൽപ്പാട്ടുമൊന്നെന്നു
കാറ്റു പറഞ്ഞാണു ഞാനറിഞ്ഞു!
രണ്ടുമൊരുപോൽ കറമ്പികളാണെന്നു
വിണ്ടലം ചൊന്നതും ഞാനറിഞ്ഞു.

കാടിരമ്പുന്നു കടലിരമ്പും പോലെ-
യാടുന്നു പച്ചത്തിരകൾ പോലെ.
കാടു നിശ്ശബ്ദം കടൽക്കയം പോൽ, കാടു
പേടിയാക്കുന്നു കടലുപോലെ!

വിണ്ടലം-ആകാശം

രാക്കടലിന്നു നിലാവിൻ നുറുങ്ങുകൾ
നേർത്ത നക്ഷത്ര നുരത്തിളക്കം
കാട്ടിലിരുട്ടിനു മിന്നാമിനുങ്ങികൾ
പൂക്കൾ, മഞ്ഞിന്റെ നിലാത്തിളക്കം!

**കുറിഞ്ഞിപ്പൂക്കൾ** **സുഗതകുമാരി**

എ) കവിതയുടെ ആശയം, പ്രയോഗ ഭംഗി, സ്വന്തം നിരീക്ഷണം എന്നിവ ഉൾപ്പെടുത്തി ആസ്വാദനം തയ്യാറാക്കുക.

ബി) കാടിനെയും കടലിനെയും വിശേഷിപ്പിക്കാൻ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏതാണ്.